# GLPS പാപ്പിനിവട്ടം

## <u>അക്കാദമിക മാസ്റ്റർ പ്ലാൻ</u>

## 2025-2026

# ലക്ഷ്യങ്ങൾ

1. ശ്രേഷ്ഠ ഭാഷ, മാതൃഭാഷ എന്നീ നിലയിൽ മാതൃഭാഷാപഠനം.
2. ലോകഭാഷയായ ഇംഗ്ലീഷിന് തുല്യപ്രാധാന്യം.
3. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്ര പഠനം.
4. ലളിതമായ രീതിയിലുള്ള ഗണിത ബോധനം.
5. അധ്യാപകർക്കും ലൈബ്രറി.
6. പിന്നോക്കക്കാർക്ക് പ്രത്യേക പരിഗണന.
7. ഭിന്നശേഷിക്കാർക്ക് തുല്യപ്രാധാന്യം.
8. ദിനാചരണങ്ങൾ – ക്ലാസുതല പ്രവർത്തനങ്ങൾ.
9. മൂല്യങ്ങളും, മനോഭാവങ്ങളും വളർത്തിക്കൊണ്ടുള്ള പഠനരീതി.
10. വിവേചനരഹിതവും, അവകാശാധിഷ്ഠിതവുമായ വിദ്യാഭ്യാസം.
11. പ്രതിഭാപോഷണ പരിപാടികൾ.
12. ഗ്രീൻ പ്രോട്ടോക്കോൾ പഠനപ്രവർത്തനങ്ങളിലൂടെ.
13. മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും, വിദ്യാലയവും.

# പൊതു ലക്ഷ്യങ്ങൾ

1. വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കും വിധം സൗജന്യവും, നിർബന്ധിതവുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുക.

2. ഓരോ കുട്ടിയും അതതു ക്ലാസിൽ നേടേണ്ട ശേഷികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തും.

3. പഠനത്തിലെന്നപോലെ പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികൾ മുന്നേറുന്നതിനുള്ള പരിശീലനങ്ങൾ നൽകും.

4. ശാസ്ത്രബോധമുള്ള തലമുറയെ രൂപപ്പെടുത്തിയെടുക്കുന്നതിനായി പരീക്ഷണ നിരീക്ഷണങ്ങൾക്ക് പ്രാധാന്യം നൽകും.

5. ശ്രേഷ്ഠഭാഷ, മാതൃഭാഷ എന്നീ നിലയിൽ മലയാള ഭാഷാപഠനത്തിന് പ്രോത്സാഹനം നൽകും.

6. ലോകഭാഷയായ ഇംഗ്ലീഷിന് തുല്യ പ്രാധാന്യം നൽകും. സംസാരിക്കാനും, ചെറുവിവരങ്ങളെഴുതാനും പ്രാപ്തരാക്കും.

7. സർഗാത്മക പ്രവർത്തനത്തിന് അവസരമൊരുക്കും.

8. വിവേചനരഹിതമായ വിദ്യാലയം, അവകാശാധിഷ്ഠിത വിദ്യാലയം എന്നിവ കൂടി പ്രവർത്തനവേളകളിൽ ഉൾപ്പെടുത്തും. ആൺ-പെൺ വിവേചനങ്ങൾ, സ്ത്രീ-പുരുഷ സമത്വം, ചിന്തകൾക്കതീതമായ മാനുഷിക പരിഗണനകൾ ഇവയെക്കുറിച്ചുള്ള ശരിയായ കാഴ്ചപ്പാട് വളർത്തിയെടുക്കും.

9. പ്രീപ്രൈമറിയിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കേണ്ട കളിയിലൂടെ പഠനം, കഥ, പാട്ട് എന്നിവയ്ക്ക് പ്രാധാന്യം നൽകും.

10. പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കും. മലയാളത്തിളക്കം, ശ്രദ്ധ, തനതു പ്രവർത്തനങ്ങൾ ഇവ സമയബന്ധിതമായി നടത്തും.

11. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവ വളർത്തുന്നതിനായി വിവിധ ബോധവൽക്കരണ പരിപാടികളും, ശില്പശാലകളും സംഘടിപ്പിക്കും.

12. അധ്യാപകർക്കായി ലൈബ്രറി നടപ്പിലാക്കും. അതിലൂടെ അമ്മവായന പ്രോത്സാഹിപ്പിക്കും.

13. പാഠ്യേതര വിഷയങ്ങളിൽ വിദഗ്ധരെ കിട്ടാത്ത സാഹചര്യത്തിൽ കുട്ടികളെ സഹായിക്കുന്നതിന് അധ്യാപകർക്കും, രക്ഷിതാക്കൾക്കുമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കും.

14. പാഠ്യപ്രവർത്തനത്തിലുടനീളം സാധ്യമായ രീതിയിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തും.

15. ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാൻ വിദ്യാലയ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് ധാരണ നൽകും.

16. ദിനാചരണങ്ങൾ പട്ടികപ്പെടുത്തി ക്ലാസുതല പ്രവർത്തനങ്ങളുമായി കണ്ണി ചേർക്കും.

17. ഭിന്നശേഷിയുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകും. പാഠഭാഗങ്ങൾ ലഘൂകരിക്കും.

18. ഗണിതം മധുരമാക്കുന്നതിനായി പ്രവർത്തിച്ചു പഠിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കും.

19. പിന്നോക്കം നിൽക്കുന്നവരെയും, ഭിന്നശേഷിക്കാരെയും പ്രത്യേക പരിഗണനയോടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കും.

20. വിദ്യാലയത്തെ ശിശുസൗഹൃദ വിദ്യാലയമായി മാറ്റി അക്കാദമികവും, സാമൂഹികവും, ഭൗതികവുമായ

മേഖലകളിൽ രാജ്യാന്തര നിലവാരത്തിലേക്കുയർത്തും.

21. ജൈവവൈവിധ്യ പാർക്കൊരുക്കി പഠനം കൂടുതൽ കാര്യക്ഷമമാക്കും.

22. വിദ്യാലയം ആകർഷകമാക്കുന്നതിനായി പൂന്തോട്ടം, ബാല എന്നിവ നടപ്പിലാക്കും.

23. നൂതനവും വ്യത്യസ്തവുമായ തനതു പ്രവർത്തനങ്ങൾ ഏറ്റെടുത്തു വിജയിപ്പിച്ച് വിദ്യാലയത്തെ TOTAL QUALITY SCHOOL ആക്കി മാറ്റും. മികച്ച വിദ്യാഭ്യാസം നൽകി പൊതു-വിദ്യാഭ്യാസ മേഖലയെ ഉയർത്തും.

# മാതൃഭാഷാ പഠനം

## നേരിടുന്ന പ്രശ്നങ്ങൾ.

1. ഉച്ചാരണ ശുദ്ധിയോടെയും ഒഴുക്കോടെയും വായിക്കാനുള്ള ബുദ്ധിമുട്ട്.
2. അക്ഷരത്തെറ്റ്, വാക്യഘടനയിലെ തെറ്റ് - എഴുത്തിൽ.
3. ആശയങ്ങൾ ക്രമത്തിൽ പറയാനും, എഴുതാനുമുള്ള ബുദ്ധിമുട്ട്.
4. ഭാഷണത്തിൽ ഒഴുക്കില്ല. സ്വന്തം ആശയങ്ങൾ പ്രകടിപ്പിക്കാൻ പ്രയാസം നേരിടുന്നു.
5. വായനയോടുള്ള താല്പര്യക്കുറവ്.
6. അധ്യാപകർക്ക് മതിയായ പഠനാനുഭവങ്ങൾ കൊടുക്കാൻ സമയം ലഭിക്കുന്നില്ല.

## ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ.

1. നല്ല വായന കേൾക്കാൻ അവസരം നൽകുന്നു.
2. റേഡിയോ വാർത്തകൾ കേൾക്കാൻ അവസരം.
3. ക്ലാസ് ലൈബ്രറി ശാക്തീകരണം.
4. കുട്ടികൾ സ്വയം പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കാനുള്ള അവസരം.
5. എഡിറ്റിംഗ് കാര്യക്ഷമമാക്കുന്നു.
6. ബാലസഭ, അസംബ്ലി എന്നിവയിൽ ഭാഷണത്തിന് കൂടുതൽ അവസരം നൽകുന്നു.
7. വിവിധങ്ങളായ ശില്പശാലകൾ നടത്തി സാഹിത്യത്തോട് താല്പര്യം വർദ്ധിപ്പിക്കുന്നു.
8. കഥ, കടങ്കഥ, കവിത, നാടക ശില്പശാല.
9. മത്സര പരീക്ഷകൾക്ക് പരിശീലനം.
10. കയ്യെഴുത്തുമാസിക.

11. സ്കൂളിന് ഒരു പത്രം.
12. നിഘണ്ടു നിർമാണം.
13. ഉറക്കെ വായന.
14. മധുരം മലയാളം
15. സംയുക്ത ഡയറി.

ചുമതല : ക്ലാസ് ടീച്ചർക്ക്.

# ഡയറിയെഴുത്ത്

ലക്ഷ്യം : 1. വിദ്യാലയ പ്രവർത്തനങ്ങൾ കൃത്യമായി രക്ഷിതാക്കൾ അറിയുന്നതിന്.

2. ആശയങ്ങൾ ക്രമത്തിൽ അവതരിപ്പിക്കുന്നു.
3. ലേഖനത്തിൽ മികവ് പുലർത്തുന്നു.
4. പദസമ്പത്ത് വർദ്ധിക്കുന്നു.
5. മറവി കുറയുന്നു.
6. ഓർമ ശക്തി വർദ്ധിക്കുന്നു.
7. ഭാവന വളരുന്നു.

പ്രവർത്തനം : സ്കൂളിലേക്ക് പുറപ്പെടുന്നതു മുതൽ വീട്ടിലെത്തുന്നതുവരെയുള്ള സംഭവങ്ങളാണ് എഴുതേണ്ടത്. ഇതിനായുള്ള മാതൃകകൾ പരിചയപ്പെടുത്തുന്നു.

* സംയുക്ത ഡയറി.

മോണിറ്ററിംഗ് : ക്ലാസ് ടീച്ചർ പരിശോധിച്ച് വിലയിരുത്തുന്നു. പ്രോത്സാഹിപ്പിക്കുന്നു.

# വായന

നേരിടുന്ന പ്രശ്നങ്ങൾ

1. തപ്പിത്തടഞ്ഞ് വായിക്കുന്നു.
2. പുസ്തകങ്ങളോട് താൽപര്യം കാണിക്കുന്നില്ല.

പ്രവർത്തനങ്ങൾ.

1. വായനാ പ്രശ്നം S.R.G- യിൽ ചർച്ച ചെയ്ത് പ്രീ ടെസ്റ്റിനുള്ള ടൂൾ തയ്യാറാക്കുന്നു.
2. പ്രീ ടെസ്റ്റ്.
3. പ്രീ ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ മൂന്നു ഗ്രൂപ്പാക്കി ഓരോ ഗ്രൂപ്പിനും നിലവാരത്തിനൊത്ത വായനാസാമഗ്രി കണ്ടെത്തുന്നു. അല്ലെങ്കിൽ നിർമിക്കുന്നു.
4. പിന്നോക്കക്കാർക്ക് പ്രത്യേക റീഡിംഗ് മെറ്റീരിയൽ.
5. പിന്നോക്കക്കാർക്ക് അസംബ്ലിയിൽ പ്രത്യേക അവസരം.
6. ബാലസഭയിൽ പ്രത്യേക അവസരം.
7. ചിത്രങ്ങളുടെ അടിസ്ഥാനത്തിലുള്ള പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിൽ ഉൾപ്പെടുത്തുന്നു.
8. നല്ല വായന കേൾക്കാൻ അവസരം (റേഡിയോ, ടെലിവിഷൻ വാർത്തകൾ.)
9. വായനാച്ചാർട്ട്
10. ചങ്ങല വായന, വായനാമത്സരങ്ങൾ.
11. വായിച്ച ഭാഗങ്ങൾ അഭിനയിക്കൽ.
12. ദിവസവും അരമണിക്കൂർ വായന.

ചുമതല : ക്ലാസ് ടീച്ചർക്ക്.

# ഗണിതം

നേരിടുന്ന പ്രശ്നങ്ങൾ.

1. ഗണിതത്തോടുള്ള ഇഷ്ടക്കുറവ്.
2. മനക്കണക്കിന് ബുദ്ധിമുട്ട്.
3. ക്രിയ മനസിലാക്കുന്നതിനുള്ള ബുദ്ധിമുട്ട്.

ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ.

1. ഗണിതക്ലാസിലേക്ക് ആവശ്യമായ ബോധനസാമഗ്രികൾ ശേഖരിക്കൽ.
2. പഠനോപകരണങ്ങൾ കുട്ടികൾ തന്നെ ഉപയോഗിച്ച് സ്വയം പഠനം.
3. നിത്യജീവിതവുമായി ബന്ധപ്പെടുത്തി ലഘുവായ സന്ദർഭങ്ങളിലൂടെയുള്ള മനക്കണക്കിന് അവസരം നൽകുന്നു.
3. ഗണിതവുമായി ബന്ധപ്പെട്ട കളികൾ
4. ഗണിതകേളികൾ.
5. മഞ്ചാടി സഞ്ചി.
6. ഉല്ലാസ ഗണിതം

ചുമതല : ക്ലാസ് ടീച്ചർക്ക്.

# അനായാസ ഇംഗ്ലീഷ്

നേരിടുന്ന പ്രശ്നങ്ങൾ.

1. ഉച്ചാരണ വൈകൃതം.
2. അക്ഷരത്തെറ്റ്.
3. ആശയ വ്യക്തതക്കുറവ്.
4. പദപരിചയക്കുറവ്.

പരിഹരിക്കുന്ന പ്രവർത്തനങ്ങൾ.

1. ഇംഗ്ലീഷ് അസംബ്ലി.
2. ഇംഗ്ലീഷ് ലൈബ്രറി ശാക്തീകരണം.
3. ഇംഗ്ലീഷ് നിഘണ്ടു നിർമാണം.
4. വായനച്ചാർട്ട്, വായനകാർഡ്.
5. ഇംഗ്ലീഷ് ഫെസ്റ്റ്.
6. ന്യൂസ് റീഡിംഗ്.
7. ഇംഗ്ലീഷ് ഡേ
8. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (വർക്ക് ഷോപ്പ്.)

# പരിസരപഠനം

നേരിടുന്ന പ്രശ്നങ്ങൾ :

ശാസ്ത്രവും ജീവിതവുമായുള്ള ബന്ധം കുട്ടികൾ മനസിലാക്കുന്നില്ല.

പ്രവർത്തനങ്ങൾ :

1. കൃഷി നിത്യജീവിതത്തിൽ.
2. ഫീൽഡ് ട്രിപ്പ്
3. ദിനാചരണങ്ങൾ.
4. ജൈവ വൈവിധ്യ ഉദ്യാനം.
5. സയൻസ് ഫെസ്റ്റ്.
6. സയൻസ് ക്ലബ്ബ്
7. ബുള്ളറ്റിൻ ബോർഡ്.
8. പരീക്ഷണങ്ങൾ പരിചയപ്പെടൽ.

ചുമതല :

ക്ലാസ് ടീച്ചർ.

# ക്ലാസ് മുറികൾ

ലക്ഷ്യം : പഠിക്കാനും പഠിപ്പിക്കാനും വേണ്ടുന്നതെല്ലാം ക്ലാസ് മുറിയിൽ ഒരുക്കുക.

പ്രവർത്തനങ്ങൾ :

1. ക്ലാസ്മുറി ആകർഷകമായി ഒരുക്കുന്നു.
2. ക്ലോക്ക്, ഭൂപടങ്ങൾ, ഗ്ലോബ്.
3. ഗണിത കിറ്റ്, സംഖ്യാമാല.
4. ക്ലാസ് ലൈബ്രറി ശാക്തീകരണം.
5. ക്രയോൺസ്.
6. കളിയുപകരണങ്ങൾ.
7. ചാർട്ട് പേപ്പർ, മാർക്കർ, a4 പേപ്പർ.
8. ചോക്ക്, കളർചോക്ക്.
9. കുടിവെള്ളം.
10. ദിനപ്പത്രങ്ങൾ.

ചുമതല : സി. പി. ടി. എ.

സാമ്പത്തികം : സി. പി. ടി. എ.

## അദ്ധ്യാപകർ

നേരിടുന്ന പ്രശ്നങ്ങൾ :

1. വിവിധ ക്ലാസുകളിലെ പാഠഭാഗങ്ങൾക്കായി പഠനോപകരണങ്ങൾ, വർക്ക് ഷീറ്റ് എന്നിവയ്ക്കായി അദ്ധ്യാപകർക്ക് അവസരം കിട്ടുന്നില്ല.

പ്രവർത്തനങ്ങൾ :

1. ഓരോ ക്ലാസിലെയും അദ്ധ്യാപകർ പാഠഭാഗവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റ്, പഠനോപകരണം എന്നിവ ചർച്ച ചെയ്തു കണ്ടെത്തുന്നു.
2. സി. ആർ. സി തലത്തിൽ കൂടിയിരുന്ന് പട്ടിക തയ്യാറാക്കുന്നു.
3. സാമഗ്രികൾ വാങ്ങേണ്ടവ ലിസ്റ്റ് ചെയ്യുന്നു. പഠനോപകരണങ്ങൾ തയ്യാറാക്കുന്നു.

ചുമതല :

എസ്. ആർ. ജി, ക്ലാസ് ടീച്ചർ, പി. ടി. എ.

സാമ്പത്തികം

ടീച്ചർ ഗ്രാന്റ്, സി. ആർ. സി. ഫണ്ട്

# അധ്യാപകർക്ക് ലൈബ്രറി.

ലക്ഷ്യം :

അധ്യാപകരുടെ വായനാശീലം വളർത്തുക. അമ്മ വായന പ്രോത്സാഹിപ്പിക്കുക.

പ്രവർത്തനങ്ങൾ :

1. പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി വിദ്യാലയത്തിൽ ഉണ്ടായിരിക്കേണ്ട പുസ്തകങ്ങൾ പട്ടികപ്പെടുത്തുന്നു.
2. അധ്യാപകർ നിർബന്ധമായും വായിച്ചിരിക്കേണ്ട പുസ്തകങ്ങൾ പട്ടികപ്പെടുത്തുന്നു.
3. ബന്ധപ്പെട്ട സി.ഡി.കൾ, ചിത്രങ്ങൾ ശേഖരിക്കുന്നു.
4. കണ്ടെത്തിയതും ആചരിക്കേണ്ടതുമായ ദിനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ലൈബ്രറിയിൽ ഉണ്ടെന്ന് ഉറപ്പു വരുത്തുന്നു.
5. അധ്യാപക ലൈബ്രേറിയനെ ചുമതലപ്പെടുത്തുന്നു.
6. അധ്യാപക ലൈബ്രറിയിലൂടെ അമ്മ വായന പ്രോത്സാഹിപ്പിക്കുന്നു.

ചുമതല :

ക്ലാസ് ടീച്ചർ, എസ്.ആർ.ജി, എം.പി.ടി.എ.

സാമ്പത്തികം :

ഗ്രാമപഞ്ചായത്ത്.

# സർഗാച്ച്യുവർ

ലക്ഷ്യം : സ്കൂൾ പ്രവർത്തനങ്ങളുടെ ഭാഗമായി രൂപം കൊണ്ട മികച്ച രചനകളുടെ പ്രദർശനം ഒരുക്കുക.

പ്രവർത്തനം :

1. ഓഫീസിനടുത്തായി രചനകളുടെ പ്രദർശനത്തിനായി സ്ഥിരം സംവിധാനം.
2. കുട്ടികൾക്ക് വായിക്കാനുതകും വിധം സജ്ജീകരിച്ചിരിക്കണം.
3. ക്ലാസ് പ്രവർത്തനങ്ങളിലൂടെ രൂപം കൊണ്ട മികച്ച പഠനതെളിവുകൾ, രചനകൾ ഇവ പ്രദർശിപ്പിക്കണം.
4. കൃത്യമായ ഇടവേളകളിൽ മാറ്റി പുതിയവ ഉൾപ്പെടുത്തുന്നു.
5. ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി ഉപയോഗിക്കണം.

ചുമതല : ക്ലാസ് ടീച്ചർ.

# പ്രതിഭാപോഷണ പരിപാടി

ലക്ഷ്യം :

പ്രതിഭാധനരായ കുട്ടികളെ കണ്ടെത്തി അധിക പരിശീലനം നൽകും.

പ്രവർത്തനം :

1. പ്രാദേശികമായി വിദഗ്ധരെ കണ്ടെത്തൽ.
2. വിവിധ മേഖലകളിൽ തിളങ്ങുന്ന വിദ്യാർത്ഥികൾക്ക് വിദഗ്ധ പരിശീലനം നൽകൽ.
3. വേദികൾ കണ്ടെത്തി പ്രതിഭകൾക്ക് അവസരം നൽകൽ.

ചുമതല : എസ്. ആർ. ജി.
പി. ടി. എ.

സാമ്പത്തികം : പ്രാദേശികമായി കണ്ടെത്തുന്നു.

# ബോധവൽക്കരണ ക്ലാസുകൾ

ലക്ഷ്യം : വഴിതെറ്റിപ്പോകാത്ത പുതുതലമുറ.

പ്രവർത്തനങ്ങൾ :

1. നിയമസാക്ഷരത ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ക്ഷണിച്ച് ബോധവൽക്കരണ ക്ലാസ്.
2. സൈബർ കുറ്റങ്ങൾ.
3. കൗമാര വിദ്യാഭ്യാസം.
4. ലഹരി വിരുദ്ധ ക്ലാസ്
5. ലിംഗ നീതി.
6. റോഡ് സുരക്ഷ.
7. പ്രകൃതി വിഭവ സംരക്ഷണം.
8. മിതവ്യയ ശീലങ്ങൾ - പ്രകൃതി വിഭവങ്ങൾ, കറന്റ്, വെള്ളം മുതലായവ.

9. വ്യക്തിത്വ വികസനം.

ഓരോ വിഷയവും ആധികാരികമായി കൈകാര്യം ചെയ്യാനാവുന്നവരെ കണ്ടെത്തി ശില്പശാലകൾ മാസത്തിൽ ഒന്നു വീതം നടപ്പിലാക്കുന്നു.

ചുമതല : എസ്. ആർ. ജി.

സാമ്പത്തികം : പ്രാദേശികമായി കണ്ടെത്തുന്നു.

# ശില്പശാലകൾ

ലക്ഷ്യം :

കുട്ടികളിൽ തെളിയാതെ കിടക്കുന്ന കഴിവുകൾ കണ്ടെത്തി വളർത്തുക.

പ്രവർത്തനങ്ങൾ :

ക്ലാസ് ടീച്ചർക്ക് തന്റെ ക്ലാസിലെ കുട്ടികളുടെ കഴിവുകൾ പഠനപ്രവർത്തനവേളകളിൽ കണ്ടെത്താൻ കഴിയണം. ഇവരെ സ്കൂൾതലത്തിൽ ലിസ്റ്റ് ചെയ്ത് ഗ്രൂപ്പാക്കുന്നു.

കല
സാഹിത്യം
പ്രവൃത്തിപരിചയം
ശില്പശാല
അഭിനയം
പ്രസംഗം.

ഓരോ ഇനത്തിനും പരിശീലകരെ കണ്ടെത്തി മാസത്തിൽ ഒരു തവണ പരിശീലനം നൽകുന്നു.

ചുമതല : എസ്. ആർ. ജി
പി. ടി. എ.

സാമ്പത്തികം : പ്രാദേശികമായി കണ്ടെത്തുന്നു.

# അസംബ്ലി

## ലക്ഷ്യം

വിദ്യാലയത്തിലെ അസംബ്ലി ആകർഷകവും, അർത്ഥവത്തായതുമാക്കുക.

## പ്രവർത്തനങ്ങൾ

1. ഈണമുള്ളതും കുട്ടികളുടെ നിലവാരത്തിനു ചേർന്നതുമായ പ്രാർത്ഥനാഗാനം.
2. ഉച്ചാരണശുദ്ധിയോടെയുള്ള പ്രതിജ്ഞ.
3. ഒരു ദിവസത്തെ പത്രവായന
4. സർഗാത്മക പ്രകടനം.

    കുഞ്ഞുകഥ / കവിത.
    മഹാന്മാരെ / സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ.

    ചെറു പ്രസംഗം.

    പൊതുവിജ്ഞാന ചോദ്യങ്ങൾ.

5. ശരിയായ രീതിയിലുള്ള ദേശീയഗാനാലാപനം.

ആകെ സമയം : 10 മിനിറ്റ്.

ബുധനാഴ്ച ഇംഗ്ലീഷ് അസംബ്ലി.

ചുമതല : ക്ലാസ് ടീച്ചർക്ക്.

# വിവേചനരഹിത വിദ്യാലയം
# അവകാശാധിഷ്ഠിത വിദ്യാലയം

ലക്ഷ്യം : ഒരു സർക്കാർ വിദ്യാലയമെന്ന നിലയിൽ വിവേചനരഹിതവും അവകാശാധിഷ്ഠിതവുമായ വിദ്യാലയമാക്കി മാറ്റും.

പ്രവർത്തനങ്ങൾ·

1. ക്ലാസിലെ സീറ്റുകളുടെ ക്രമീകരണം, പഠനപ്രവർത്തനങ്ങൾ, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയിൽ യാതൊരു വിവേചനങ്ങളും ഉണ്ടായിരിക്കില്ല.
2. വിവേചനങ്ങൾ പാടില്ല എന്ന മൂല്യബോധമുണ്ടാകുന്ന പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ ഉൾപ്പെടുത്തും.
3. ഓരോ കുട്ടിയുടെയും രക്ഷിതാവിന്റെയും അവകാശങ്ങൾ എഴുതി പ്രദർശിപ്പിക്കും.

ചുമതല : പി. ടി. എ.
എസ്. ആർ. ജി.

# ദിനാചരണങ്ങൾ

ലക്ഷ്യം :

1. മഹത് വ്യക്തികളെയും, നേതാക്കന്മാരെയും, ശാസ്ത്രജ്ഞന്മാരെയും, സാഹിത്യകാരന്മാരെയും അറിയണം. ആദരവ് പ്രകടിപ്പിക്കണം.

2. ഇവ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി മൂല്യങ്ങളും, മനോഭാവങ്ങളും മാറ്റിയെടുക്കണം.

പ്രവർത്തനങ്ങൾ :

1. ദിനങ്ങൾ കണ്ടെത്തുന്നു.
2. ബന്ധപ്പെട്ട ഫോട്ടോകൾ ശേഖരിക്കുന്നു.
3. ക്ലാസിന്റെ നിലവാരത്തിനൊത്ത പ്രവർത്തനങ്ങൾ കണ്ടെത്തുന്നു.
4. പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്നു.
5. പഠനത്തെളിവുകൾ ശേഖരിച്ച് പ്രവർത്തനം പ്രദർശിപ്പിക്കുന്നു.

ചുമതല : ക്ലാസ് ടീച്ചർ
എസ്. ആർ. ജി.

# ജൈവ വൈവിധ്യപാർക്ക്

ലക്ഷ്യം :

1. കാമ്പസ് ഒരു പാഠപുസ്തകം എന്ന നിലയിൽ വിദ്യാലയ പരിസരത്തെ ഒരുക്കിയെടുക്കുക.
2. പരിസര പഠനവുമായി ബന്ധപ്പെട്ട ഘടകങ്ങൾ ഉണ്ടായിരിക്കണം.
3. ജൈവ രജിസ്റ്റർ തയ്യാറാക്കുക.

പ്രവർത്തനങ്ങൾ :

1. ഔഷധ സസ്യങ്ങൾ, നക്ഷത്രവനം ഇവയിൽ കൂടുതൽ സസ്യങ്ങൾ ഉൾപ്പെടുത്തി പേര് എഴുതൽ.
2. ശലഭപ്പാർക്ക് ഒരുക്കൽ, ജൈവവേലി, ജൈവ പന്തൽ എന്നിവ ഒരുക്കൽ.
3. പച്ചക്കറിത്തോട്ടം നവീകരിക്കൽ.
4. പൂന്തോട്ടം നവീകരിക്കൽ.
5. പാർക്കിലെ ഇരിപ്പിടങ്ങൾ നവീകരിക്കൽ.

ചുമതല : പി. ടി. എ.

സാമ്പത്തിക വിശകലനം :

പി. ടി. എ, തദ്ദേശ സ്വയംഭരണ സ്ഥാപനം.

# ഫീൽഡ് ട്രിപ്പ്

ലക്ഷ്യം : സ്വന്തം പഞ്ചായത്ത്, താലൂക്ക് എന്നിവിടങ്ങളിലെ ചരിത്ര പ്രസിദ്ധ സ്ഥലങ്ങൾ, സ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ എന്നിങ്ങനെയുള്ള സ്ഥലങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി സന്ദർശിക്കുക.

പ്രവർത്തനങ്ങൾ :

1. പാഠഭാഗവുമായി ബന്ധപ്പെട്ടു വരുന്നതും കുട്ടികൾ കണ്ടിരിക്കേണ്ടതുമായ സ്ഥലങ്ങൾ ലിസ്റ്റ് ചെയ്യുന്നു.
2. CPTA-ൽ അവതരിപ്പിച്ച് അവരുടെ കൂടി സഹായത്തോടെ യാത്ര സംഘടിപ്പിക്കുന്നു.
3. യാത്രാവിവരണം തയ്യാറാക്കുന്നു. പതിപ്പാക്കുന്നു.

ചുമതല : സി. പി. ടി. എ.

# പിന്നോക്കക്കാർക്ക് പ്രത്യേക പരിഗണന

ലക്ഷ്യം :

ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

പ്രവർത്തനം :

1. ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിയുള്ള പഠന പ്രവർത്തനങ്ങൾ രൂപീകരിക്കൽ.
2. അവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുക.
3. സർക്കാരിൽ നിന്നും, ഏജൻസികളിൽ നിന്നും മറ്റും ലഭിക്കാനുള്ള എല്ലാ ആനുകൂല്യങ്ങളും കൃത്യസമയത്തു തന്നെ എത്തിച്ചുകൊടുക്കൽ.
4. സമൂഹത്തിലും, വിദ്യാലയത്തിലും ഒറ്റപ്പെട്ടവരല്ല എന്ന വിശ്വാസം ഉറപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തൽ.

ചുമതല : എസ്. ആർ. ജി.
സി. പി. ടി. എ.

സാമ്പത്തികം : പ്രാദേശികമായി കണ്ടെത്തുന്നു.